ബോർഡ് ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്നതിൽ വരുന്ന കാലതാമസം

140 (3942) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ സ്റ്റാൻഡേർഡ് സ്ട്രെങ്ത് എത്ര ; ഓരോ കാറ്റഗറിയുടെയും വിശദമായ കണക്ക് ലഭ്യമാക്കുമോ ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, മീറ്റർ റീഡർ, കാഷ്യർ എന്നീ തസ്തികകളിലേക്ക് യോഗ്യതയുള്ള ബോർഡ് ജീവനക്കാർക്ക് പ്രൊമോഷൻ നല്കുന്നതിൽ വരുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോൾ ബോർഡിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ജീവനക്കാരുടെ സ്റ്റാൻഡേർഡ് സ്ട്രെങ്ത് 30580-ഉം വർക്കിംഗ് സ്ട്രെങ്ത് 24939-ഉം ആണ്. വിശദവിവരം പിന്നീട് ശേഖരിച്ചു നല്കുന്നതാണ്.

(ബി) നിയമാനുസൃതം പ്രൊമോഷൻ ലഭിക്കാൻ യോഗ്യതയുള്ളവർക്ക് യഥാകാലം പ്രൊമോഷൻ നല്കുന്നുണ്ട്.

(സി) പ്രസക്തമല്ല.

(ഡി) മസ്ദൂർ, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ തസ്തികകളിലും സഹതാപ നിയമന പദ്ധതിപ്രകാരവും സ്പോർട്സ് ക്വാട്ടയിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പദ്ധതി പ്രകാരവും വിവിധ തസ്തികകളിലേക്ക് നിയമനം നല്കിയിട്ടുണ്ട്. കൂടാതെ കോടതി വിധി അനുസരിച്ച് കാഷ്യർ തസ്തികയിലേക്കും നിയമനം നല്കിയിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് ബ്ലോക്കിന് പരിഹാരം

141 (3977) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഡ്രെയിനേജ് ബ്ലോക്ക് പരിഹരിക്കുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡ്രെയിനേജ് ബ്ലോക്ക് പരിഹരിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പണിക്ക് കോൺട്രാക്ട് നല്കിയിട്ടുണ്ടോ ;

(ഡി) നഗരത്തിൽ എത്ര ഡ്രെയിനേജ് കണക്ഷനുകൾ നല്കിയിട്ടുണ്ട് ; വാർഡ് തിരിച്ച് എണ്ണം വ്യക്തമാക്കുമോ ;

(ഇ) ഒരു വാട്ടർ/ഡ്രെയിനേജ് കണക്ഷന് ഏർപ്പെടുത്തിയിട്ടുള്ള നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഡ്രെയിനേജ് കണക്ഷൻ നല്കുന്നതിന് കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏർപ്പെടുത്തിയിട്ടുണ്ട്. ഡ്രെയിനേജ് ബ്ലോക്ക് പരിഹരിക്കുന്നതിന് സാധാരണയായി ഉപയോഗിക്കുന്ന 'സ്വിവർ ക്ലിനിംഗ് റോഡി'ന് പുറമേ വീതി കൂടിയ റോഡുകളിലെ ബ്ലോക്ക് പരിഹരിക്കുന്നതിന് 'ലോറി മൗണ്ടഡ് റെറ്റിംഗ് ആന്റ് സക്കിംഗ് മെഷീൻ' ലഭ്യമാണ്. സ്വിവർ ലൈനുകളിൽ അടിഞ്ഞുകൂടുന്ന ഖരവസ്തുക്കൾ നീക്കം ചെയ്യാനായി 'ബക്കറ്റ് ടൈപ്പ് സ്വിവർ ക്ലീനിംഗ് മെഷീൻ' 'ട്രോളിമൗണ്ടഡ് സ്വിവർ ക്ലീനിംഗ് മെഷീൻ' എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ഇക്കാര്യത്തിനായി 'റണ്ണിംഗ് കോൺട്രാക്റ്റ്' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സീവറേജ് ലൈനുകളിലുണ്ടാകുന്ന ബ്ലോക്കുകൾ നീക്കം ചെയ്യുന്നതിനും സ്വിവർ ലൈനുകളും മാൻഹോളുകളും വൃത്തിയാക്കുക തുടങ്ങിയ പണികൾ ചെയ്തു തീർക്കുന്നതിനും വേണ്ടിയാണ് 'റണ്ണിംഗ് കോൺട്രാക്റ്റുകൾ' ഏർപ്പെടുത്തിയിട്ടുള്ളത്.

കണ്ണമ്മൂല, കുമാരപുരം തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടെ 'ഡി' ബ്ലോക്കിലെ സ്വിവർ ലൈനുകളിലെ പണികൾ ചെയ്യുന്നതിനായി വാട്ടർ അതോറിറ്റി ജീവനക്കാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) നഗരത്തിൽ ഉദ്ദേശം അൻപതിനായിരത്തോളം കണക്ഷനുകൾ നല്കിയിട്ടുണ്ട്. വാർഡ് തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. ഇവ തയ്യാറാക്കുന്നതിനായി സർവ്വേ നടന്നു വരുന്നു.

(ഇ) ഗാർഹിക വാട്ടർ കണക്ഷന് 500 രൂപയും ഗാർഹികേതര വാട്ടർ കണക്ഷന് 1000 രൂപയുമാണ് നിലവിലുള്ള നിരക്കുകൾ. സ്വിവറേജ് കണക്ഷന് ഇത് യഥാക്രമം 1050 രൂപയും 2200 രൂപയുമാണ്.

(എഫ്) കോടതി വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത കണക്കിലെടുത്ത് കേരള വാട്ടർ അതോറിറ്റി നഗരത്തിലെ ചില ഭാഗങ്ങളിൽ പുതിയ സ്വിവറേജ് കണക്ഷൻ നല്കുന്നത് താത്കാലികമായി നിറുത്തി വച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly